**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2669

06.11.2019 ലെ മറുപടിയ്ക്ക്.

## കാട്ടാക്കട മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വഴി പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.ഐ.ബി. സതീഷ് | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിൽ 2017 മുതൽ 2019 വരെ കോർപ്പസ് ഫണ്ട് വഴി നടപ്പിലാക്കുന്നതിന് അനുമതി ലഭ്യമായതും നടപ്പിലാക്കി വരുന്നതും നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ പ്രവൃത്തികളുടെ വിവരം തരംതിരിച്ച് ലഭ്യമാക്കാമോ; | (എ) | പട്ടികജാതി വകുപ്പിൽ അനുമതി ലഭ്യമായ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**2016-17**<br>1. ആശാരിവിള കോളനി പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത് കുടിവെള്ള വിതരണ പദ്ധതി<br>2. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ വാറുവിള പട്ടികജാതി കോളനിയിലെ കുടിവെള്ള വിതരണ പദ്ധതി<br>3. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ മുക്കുന്നിയൂർ പട്ടികജാതി കോളനിയിലെ കുടിവെള്ള വിതരണ പദ്ധതി<br>4. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ പുതുവൽവിള കുച്ചെൻവിള കുടിവെള്ള വിതരണ പദ്ധതി<br>5. ആര്യശാലക്കോണം-ഏലായവിളാകം (മാറനല്ലൂർ പഞ്ചായത്ത്) സെന്റ് മേരീസ് & ചെമ്പൻകുഴി കുടിവെള്ള വിതരണ പദ്ധതി (പണി പൂർത്തിയായി)<br>6. മലയിൻകീഴ് പഞ്ചായത്തിലെ പറയോട്ടുകോണം വേലിക്കോട് കോളനി കുടിവെള്ള പദ്ധതി (പൂർത്തിയായി)<br>**2018-19**<br>1. മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ തുങ്ങാംപാറ-വടക്ക വാഴപ്പള്ളി കുടിവെള്ള പദ്ധതി<br>2. മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ കണ്ടല ചിറിലക്കാട് - വാഴപ്പള്ളി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി<br>3. മലയിൻകീഴ് പഞ്ചായത്തിലെ നിരപ്പ്കോണം കോളനി കുടിവെള്ള പദ്ധതി<br>**നടപ്പിലാക്കി വരുന്ന പദ്ധതികൾ :-**<br>1. ആശാരിവിള കോളനി പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് കുടിവെള്ള വിതരണ പദ്ധതി<br>2. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ വാറുവിള പട്ടികജാതി കോളനിയയിലെ കുടിവെള്ള |

| | | | |
|---|---|---|---|
| | | | വിതരണ പദ്ധതി<br>3. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ മുക്കുന്നിയൂർ പട്ടികജാതി കോളനിയിലെ കുടിവെള്ള വിതരണ പദ്ധതി<br>4. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ പുതുവൽവിള കുച്ചെൻവിള കുടിവെള്ള വിതരണ പദ്ധതി<br>5. മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ തൂങ്ങാംപാറ-വടക്കവാഴപ്പള്ളി കുടിവെള്ള പദ്ധതി<br>6. മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ കണ്ടല-ചിറിലക്കാട്- വാഴപ്പള്ളി പൈപ്പ് ലാൻ എക്സ്റ്റെൻഷൻ പദ്ധതി<br>7. മലയിൻകീഴ് പഞ്ചായത്തിലെ നിരപ്പ്കോണം കോളനി കുടിവെള്ള പദ്ധതി<br><br>നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ (2019-20)<br>മാറനല്ലൂർ പഞ്ചായത്തിലെ മേൽക്കുംകര എറകിളിയോട് റോഡ് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പദ്ധതി<br><br>പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കാട്ടാക്കട നിയോജകമണ്ഡലത്തിൽ 2018-19 വർഷം പെട്ടിക്കട ധനസഹായമായി വിളവൂർക്കൽ പഞ്ചായത്തിലെ ഒരു ഗുണഭോക്താവിന് 50,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിന് പുതിയ നിർദ്ദേശങ്ങൾ പരിഗണിക്കാനാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയ നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്<br>കോർപ്പസ് ഫണ്ടിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും മാനദണ്ഡങ്ങൾ തയ്യാറാക്കി എല്ലാ പ്രോജക്ട് ഓഫീസർ / ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർക്കും നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. പ്രസ്തുത ശീർഷകത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## ജില്ലകളിൽ കോർപ്പസ്ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ

1. സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽതന്നെ വർക്കിംഗ് ഗ്രൂപ്പ് ചേർന്ന് തൻ വർഷത്തെ പദ്ധതികൾക്ക് അംഗീകാരം വാങ്ങേണ്ടതാണ്.
2. ഒരു കോളനി ഒരു ക്ലസ്റ്ററായി കണ്ടുകൊണ്ട് ആ പ്രദേശത്തെ വികസന വിടവുകൾ കണ്ടെത്തി അത് മുഴുവൻ പരിഹരിക്കുന്നതിനായി സമഗ്രതയിൽ കോർപ്പസ് ഫണ്ടിൽ പദ്ധതി തയ്യാറാക്കേണ്ടതാണ്.
3. താഴെ പറയുന്ന പദ്ധതികൾക്ക് മുൻഗണന നൽകി നടപ്പിലാക്കേണ്ടതാണ്.

   a) കുടിവെള്ള പദ്ധതി

   b) ശുചിത്വം, മാലിന്യ സംസ്കരണം

   c) ജീവനോപാധി പ്രവർത്തനങ്ങൾ

   d) ആരോഗ്യപരിപാലനം/ബോധവത്കരണ പരിപാടികൾ

   e) കരിയർഗൈഡൻസ്

   f) സാമൂഹിക പഠനമുറികൾ/കമ്മ്യൂണിറ്റി ഹാളുകൾ

   g) സഹായി സെന്ററുകൾ

   h) അക്ഷയ കേന്ദ്രങ്ങൾ

   j) ട്രൈബൽ പ്രോമോട്ടർമാരുടെ ഹോസ്പിറ്റൽ ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുക.
4. ഊരുകൂട്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ തയ്യാറാക്കി ജില്ലാതലവർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ 25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. (റോഡ്, പാലം ഒഴികെ)
5. റോഡ്, പാലം എന്നീ പ്രോജക്ടറുകൾക്കും, 25 ലക്ഷത്തിന് മുകളിലുള്ള പദ്ധതികളും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടപ്പിലാക്കേണ്ടതാണ്.
6. നിർമ്മാണ പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ്.
7. പ്രോജക്ട് പ്രൊപ്പോസൽ ഡയറക്ടറേറ്റിൽ ഹാജരാക്കുമ്പോൾ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

   a) ഊരുകൂട്ട തീരുമാനത്തിന്റെ പകർപ്പ്

   b) പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണം.

   c) സോഷ്യൽമാപ്പ്

   d) ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്

   e) ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ്.

8. മുൻസാമ്പത്തികവർഷം ലഭിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
9. കോർപ്പസ്ഫണ്ട് വിനിയോഗം ജില്ലയിൽ മോണിറ്റർ ചെയ്യുന്നതിനായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

ജില്ലാകളക്ടർ ചെയർമാൻ, ജില്ലാപ്ലാനിംഗ് ഓഫീസർ കോർഡിനേറ്റർ, പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ കൺവീനർ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ അംഗങ്ങളുമായിരിക്കും.

10. സമിതി മാസത്തിലൊരിക്കലെങ്കിലും ചേർന്ന് പദ്ധതികളുടെ അവലോകനം നടത്തി ആയതിന്റെ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
11. പദ്ധതി പൂർത്തീകരിച്ചശേഷം നിർമ്മാണ ഏജൻസി/നിർവഹണ വകുപ്പ് പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. ഡെപ്പോസിറ്റ് വർക്കാണെങ്കിലും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസറുടെ വർക്ക് ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെയും കൂടി അടിസ്ഥാനത്തിലായിരിക്കണം തുക കരാറുകാർക്ക് അനുവദിക്കേണ്ടത്.
12. ഭൗതീക ആസ്തികളുടെ പ്രോജക്ട് പ്രൊപ്പോസലിൽ ജി.പി.എസ് കോ-ഓർഡിനേറ്റ്സ്, ചെയ്നേജ് എന്നിവ ഉണ്ടായിരിക്കേണ്ടതും കൂടാതെ ടി പ്രവൃത്തികൾ ആസ്തി രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്.
13. പട്ടികവർഗ വികസന വകുപ്പ് ഫണ്ട് ഉപയോഗിച്ച് പൂർത്തീയാക്കുന്ന നിർമ്മാണ പ്രവർത്തികൾക്ക് ശിലാഫലകം സ്ഥാപിക്കേണ്ടതാണ്. ആയത് താഴെ പറയുന്ന മാതൃകയിലാവണം.

| പട്ടികവർഗ്ഗ വികസന വകുപ്പ് കോർപ്പസ്ഫണ്ട് 2019-2020 | |
|---|---|
| പദ്ധതിയുടെ പേര് | : |
| പദ്ധതി ആരംഭിച്ച തീയതി | : |
| പദ്ധതി അവസാനിച്ച തീയതി | : |
| പദ്ധതി അടങ്കൽ തുക | : |

14. ഭരണാനുമതി ലഭ്യമാക്കുന്ന പദ്ധതികൾ തൻ വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.